(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അനുവദിച്ച ഐ.ടി.ഐ.-കളിലും നിലവാരം ഉയർത്തിയ ഐ.ടി.ഐ.-കളിലും പുതുതായി അനുവദിച്ച ഐ.ടി.സി.-കളിലുമായി ആകെ 23197 സീറ്റുകൾ അധികമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ആകെ 4846 സീറ്റുകളാണ് അനുവദിച്ചത്.

ഐ.ടി.സി. ജീവനക്കാർക്ക് പെൻഷനും ക്ഷേമനിധിയും

77 (T1040)ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത ഐ.ടി.സി.-കളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ; ഐ.ടി.സി.-കളിൽ സർക്കാർ അംഗീകാരമില്ലാത്ത ഹ്രസ്വകാല കോഴ്സുകൾ വ്യാജ പരസ്യം നൽകി അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ.ടി.സി.-കളിൽ ഓരോ കോഴ്സിനും വിവിധ സ്ഥലങ്ങളിൽ ഏകീകൃതമല്ലാത്ത ഫീസ് ഈടാക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏകീകൃത ഫീസ് ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഐ.ടി.സി.-കളിൽ പഠിപ്പിക്കുന്നവർക്ക് യോഗ്യതാമാനദണ്ഡങ്ങൾ ഉണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ; ഐ. ടി. സികളിൽ യോഗ്യതയില്ലാത്തവർ പഠിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്നവർക്ക് ഹാജർ ബുക്ക് വയ്ക്കുകയും അവർക്ക് ആവശ്യമായ സേവന വേതന വ്യവസ്ഥകൾ നൽകുകയും ചെയ്യുന്നുണ്ടോ ; ഇല്ലെങ്കിൽ അത് പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ; സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ചിട്ടുള്ളത് നടപ്പാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുമോ ;

(ഇ) ഐ.ടി.സി.-കളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും മിനിസ്റ്റീരിയൽ ജീവനക്കാർക്കും ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അംഗീകാരം ലഭിച്ച ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം പ്രകാരമുള്ള ട്രേഡുകളിൽ പരിശീലനം നൽകുന്ന, 451 അംഗീകൃത സ്വകാര്യ ഐ.ടി.സി.-കൾ നിലവിലുണ്ട്. കൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 44 അംഗീകൃത ഐ.ടി.സി.-കളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 3 അംഗീകൃത ഐ.ടി.സി.-കളും നിലവിലുണ്ട്. ഐ.ടി.സി.-കളിൽ ഗവൺമെന്റ് അംഗീകാരമില്ലാത്ത ഹ്രസ്വകാല കോഴ്സുകൾക്ക് വ്യാജ പരസ്യം നൽകി അമിത ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

(സി) ഐ.ടി.ഐ.-കളിലും ഐ.ടി.സി.-കളിലും ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിനു കീഴിൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് അംഗീകരിച്ചിട്ടുള്ള ട്രേഡുകളിൽ, പരിശീലനം നൽകുന്നതിനുള്ള ഇൻസ്ട്രക്ടർമാരുടെ യോഗ്യതകൾ ഡി.ജി.ഇ.റ്റി. നിഷ്കർഷിച്ചിട്ടുണ്ട്. ഡി.ജി.ഇ.റ്റി.-യുടെ നിർദ്ദേശം അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഐ.ടി.സി.-കളിൽ യോഗ്യത ഇല്ലാത്തവർ പഠിപ്പിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് ബന്ധപ്പെട്ട ഐ.ടി.സി.-കൾക്ക് ട്രെയിനിംഗ് ഡയറക്ടർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പരിശോധനയ്ക്കായി ട്രെയിനിംഗ് ഇൻസ്പെക്ടറെ നിയോഗിച്ചിട്ടുമുണ്ട്.

(ഡി) അദ്ധ്യാപകർക്ക് ഹാജർ ബുക്ക് വേണമെന്ന് ട്രെയിനിംഗ് മാനുവലിൽ വ്യവസ്ഥയുണ്ട്. ഐ.ടി.സി.-കളിൽ പഠിപ്പിക്കുന്നവരുടെ വേതന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനായി ഐ.ടി.സി.-യിലെ ജീവനക്കാർക്ക് ഗവൺമെന്റ് ഐ.ടി.ഐ.-യിലെ സമാന തസ്തികയിലെ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ 2/3 ഭാഗം ശമ്പളമായി നൽകണമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഐ.ടി.സി.-കളിലെ ജീവനക്കാർക്ക് നിർദ്ദിഷ്ട ശമ്പളം നൽകാത്ത ചില സ്ഥാപനങ്ങളെ ഡി-അഫിലിയേറ്റു ചെയ്യുന്നതിനുള്ള നടപടികൾ ട്രെയിനിംഗ് ഡയറക്ടർ സ്വീകരിച്ചിരുന്നു. ഡി.ജി.ഇ.റ്റി.-യുടെ ഡി-അഫിലിയേഷൻ ഗൈഡ് ലൈൻസിൽ, ഐ.ടി.സി. ജീവനക്കാർക്ക് 2/3 ഭാഗം ശമ്പളമെങ്കിലും നൽകാത്ത ഐ.ടി.സി.-കളെ ഡി-അഫിലിയേറ്റ് ചെയ്യുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങളില്ലാത്തതിനാൽ ടി വ്യവസ്ഥകൂടി, ഗൈഡ് ലൈൻസിൽ ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്ത് ഡി.ജി.ഇ.റ്റി.-യ്ക്ക് കത്ത് ട്രെയിനിംഗ് ഡയറക്ടർ അയച്ചിട്ടുണ്ട്.

(ഇ) ഐ.ടി.സി.-കളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും മിനിസ്റ്റീരിയൽ ജീവനക്കാർക്കും ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഐ.ടി.ഐ. കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ

78 (1041) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് അംഗീകാരമുള്ള ഐ. ടി.ഐ. കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ് ; ഇവയുടെ വിശദാംശം, ഗവണ്മെന്റ് എയ്ഡഡ്, അൺ എയ്ഡഡ് എന്നീ മേഖല തിരിച്ചുള്ള കണക്ക് ജില്ലാ അടിസ്ഥാനത്തിൽ നൽകുമോ ;

(ബി) ഈ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ;

(സി) എൻ.സി.വി.ടി.-യുടെ അംഗീകാരത്തോടെ പഠിപ്പിക്കുന്ന കോഴ്സുകളെ ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ ; ഈ കോഴ്സ് പഠിച്ചവർക്ക് വിദേശത്ത് ജോലിക്ക് പോകുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly